(സി) ഉണ്ട്. റെയിൽവേയ്ക്ക് ആവശ്യമായ സ്ഥലമെടുപ്പ്, ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി. സ്ഥലമെടുപ്പിന് കളക്ടർമാരുടെ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിക്കുന്നു.

(ഡി) തൃശ്ശൂർ-ഗുരുവായൂർ, തിരുവനന്തപുരം-കന്യാകുമാരി.

(ഇ) പുലർത്തുന്നതാണ്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

183 (6355) ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന്, സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(ബി) ടി പദ്ധതിയെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ തുടർ നടപടി ഏതുവരെയായി ;

(സി) ടി പദ്ധതി ഇനി സ്വകാര്യ മേഖലയിലാണോ പൊതുമേഖലയിലാണോ ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കുമെന്നും ഇതിന്റെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനാകുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഹു. കേന്ദ്ര നഗരവികസന മന്ത്രിയുടെ അംഗീകാരത്തോടെ പദ്ധതിക്കുള്ള 'ഇൻപ്രിൻസിപ്പൽ' അംഗീകാരത്തിനായി സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം, പ്ലാനിംഗ് കമ്മീഷന് നൽകിയെന്നും, തുടർന്ന് ചില ഉപാധികളോടെ പ്ലാനിംഗ് കമ്മിഷൻ പദ്ധതിയെ പിൻതാങ്ങിയതായും കേന്ദ്ര നഗരവികസന മന്ത്രാലയം സംസ്ഥാന സർക്കാരിനെ രേഖാമൂലം 2009 സെപ്റ്റംബർ മാസം അറിയിച്ചിട്ടുണ്ട്.

(ബി) കൊച്ചി മെട്രോ പദ്ധതിക്കുള്ള അംഗീകാരത്തിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടു വരുന്നു. അംഗീകാരം ഉടൻ ലഭിക്കുമെന്ന പ്രതീക്ഷയിൽ 158.68 കോടി രൂപയുടെ പ്രാരംഭ ജോലികൾക്ക് 19-3-2010-ലെ ജി.ഒ.(എം.എസ്) നം.34/2010/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായൊരു ടെക്നിക്കൽ കോ-ഓർഡിനേഷൻ കമ്മിറ്റിയെ 1-6-2010-ലെ ജി.ഒ.(ആർ.ടി) നം.221/10/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ പ്രാരംഭജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കാൻ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ, ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മാതൃകയിൽ പദ്ധതി നടപ്പാക്കാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കൊച്ചി മെട്രോ പദ്ധതിയുടെ കേന്ദ്ര അംഗീകാരം

184 (6356) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ, അംഗീകാരം ലഭ്യമാകാത്തതിന് കേന്ദ്ര സർക്കാരിന്റെ ന്യായവാദങ്ങൾ എന്തൊക്കെയാണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, പ്രസ്തുത കാരണങ്ങൾ എന്താണെന്നും മെട്രോ റെയിൽ പദ്ധതികൾക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എറണാകുളം-കൊല്ലം പാസഞ്ചർ ട്രെയിൻ തിരുവനന്തപുരം വരെ നീട്ടുന്നതിന് നടപടി

185 (6357) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ആലപ്പുഴ വഴിയുള്ള എറണാകുളം-തിരുവനന്തപുരം ട്രെയിൻ യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സീറ്റിന്റെ ലഭ്യതയ്ക്കനുസരിച്ച് ആലപ്പുഴയിൽ നിന്നും ജനശതാബ്ദിക്ക് ടിക്കറ്റ് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എറണാകുളം-കൊല്ലം പാസ്സഞ്ചർ ട്രെയിൻ കൊല്ലത്തു നിന്നും തിരുവനന്തപുരം വരെ നീട്ടുന്നതിന് റെയിൽമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly